## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.87

06.01.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ

(എ) പശ്ചിമഘട്ട ഉന്നതതല സമിതിയുടെ (കസ്തൂരി രംഗൻ സമിതി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013 നവംബർ 16 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലെ ഉള്ളടക്കം എന്താണെന്നു വ്യക്തമാക്കുമോ;

ഉത്തരം

ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഖനനം, പാറഖനനം, മണൽ ഖനനം, താപവൈദ്യുത നിലയങ്ങൾ, 20,000 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും 50 ഹെക്ടറിന് മുകളിലുള്ള/1,50,000 ചതുരശ്ര മീറ്ററിന് മുകളിൽ നിർമ്മിത വിസ്തൃതിയുള്ള ടൗൺഷിപ്പും ഭൂവികസന പ്രവർത്തനങ്ങളും ചുവന്ന വിഭാഗത്തിലുൾപ്പെട്ട വ്യവസായങ്ങൾ എന്നിവ നിരോധിച്ചുകൊണ്ടുള്ളതാണ് 16.11.2013 ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം. വിവിധ പ്രോജക്ടുകൾക്കുള്ള അനുമതിയ്ക്കായി 17.04.2013 മുതൽ ലഭിച്ചിട്ടുള്ള അപേക്ഷകൾക്കാണ് ഈ നിരോധനം ബാധകമാവുക. വിൻഡ് എനർജി/ഹൈഡ്രോ പവർ എന്നിവ നിയന്ത്രണങ്ങളോടെ അനുവദനീയമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലെ പ്രോജക്ടുകൾക്ക് ഗ്രാമസഭകളുടെ അനുമതി ആവശ്യമാണ്. വനാവകാശ നിയമം പാലിക്കപ്പെടേണ്ടതാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിക്കുന്ന കരട് വിജ്ഞാപനത്തിന്മേൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം നേടിയ ശേഷമായിരിക്കും പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | കസ്തൂരിരംഗൻ സമിതിയുടെ പരിഗണനാ വിഷയങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണോ സമിതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതെന്നും അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണോ നവംബർ 16-ലെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്നും സംസ്ഥാന ഗവൺമെന്റ് പരിശോധിക്കുകയുണ്ടായോ? ഇതു സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ എന്നും എങ്കിൽ ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചു. നിയമോപദേശം തേടിയിട്ടില്ല. |
| (സി) | നവംബർ 16-ലെ വിജ്ഞാപനത്തെത്തുടർന്ന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടുന്ന നടപടികളെ സംബന്ധിച്ച് നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കത്തുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | ഇല്ല. ഈ ഓഫീസ് മെമ്മോറാണ്ടം പിൻവലിക്കുകയാണ് ഉണ്ടായത്. |
| (ഡി) | അതിനെത്തുടർന്ന് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവും ജനകീയ പ്രതിഷേധത്തെ തുടർന്ന് പ്രസ്തുത ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവും ലഭ്യമാക്കുമോ; | (ഡി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | നവംബർ 16-ലെ വിജ്ഞാപനം നടപ്പിലാക്കിയാൽ കേരളത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു കൊണ്ടുള്ള മെമ്മോറാണ്ടം എന്നാണു നൽകിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അഭിപ്രായം സമർപ്പിച്ചതിന് ശേഷം മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി കത്തിന്റെ ശരിപകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

കേരളാ സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - പശ്ചിമഘട്ട ഉന്നതതലസമിതി റിപ്പോർട്ട് - കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം - ഉത്തരവു പുറപ്പെടുവിക്കുന്നു.

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 171/2013/പരി

തീയതി, തിരുവനന്തപുരം, 04.12.2013

പരാമർശം: 1) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 162/13/പരി തീയതി 29/10/13.
2) ആപ്ലിക്കേഷൻ 26/12-ൽ ദേശീയ ഹരിത ട്രൈബ്യൂണൽ 12.11.13 -ൽ പുറപ്പെടുവിച്ച ഉത്തരവ്.
3) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 13.11.13 ൽ 1-4/2012 -RE(pt) നമ്പരായി പുറപ്പെടുവിച്ച ഉത്തരവ്.
4) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 16.11.13 ൽ 1-4/2012-RE(pt) നമ്പരായി പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം.

## ഉത്തരവ്

പശ്ചിമഘട്ട സംരക്ഷണ നടപടികൾ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉന്നതതല പ്രവർത്തക സമിതി (കസ്തൂരിരംഗൻ കമ്മിറ്റി) റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന പരാമർശം 3, 4 എന്നിവയിലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മാത്രമാണ് പരിസ്ഥിതി ലോല പ്രദേശങ്ങളിൽ (ESA) നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

1. ഖനനം (Mining), പാറഖനനം (quarrying), മണൽ ഖനനം (sand mining)
2. താപ വൈദ്യുതി നിലയങ്ങൾ
3. 20,000 ചതുരശ്ര മീറ്ററോ അതിന് മുകളിലോ ഉള്ള കെട്ടിടങ്ങൾ/മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ.
4. 50 ഹെക്ടറും അതിന് മുകളിലും വിസ്തീർണ്ണമുള്ളതും അഥവാ നിർമ്മിത വിസ്തൃതി (built up area) 1,50,000 ചതുരശ്ര മീറ്ററും അതിന് മുകളിലും ഉള്ളതുമായ ടൗൺഷിപ്പും, ഭൂവികസന പ്രവർത്തനങ്ങളും (area development projects).
5. ചുവന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ. (Red categories of Industries)

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ലോല പ്രദേശങ്ങളിൽ മാത്രം ഏർപ്പെടുത്തിയിട്ടുള്ള നിരോധനം സാധാരണക്കാർക്കോ, കർഷകർക്കോ അസൗകര്യമോ മറ്റ് തരത്തിലുള്ള കഷ്ടപ്പാടുകളോ ഉണ്ടാക്കുന്നതല്ല.

2. എന്നാൽ വസ്തുതകൾ ഗ്രഹിക്കാതെ വസ്തു കരം സ്വീകരിക്കുന്നത്, പ്രമാണം രജിസ്റ്റർ ചെയ്യുന്നത് ഉടങ്ങി നിലവിലുള്ള കേന്ദ്ര സർക്കാർ തീരുമാനങ്ങൾ യാതൊരു തലത്തിലും ബാധകമാകാത്ത കാര്യങ്ങളിൽ ചില ഉദ്യോഗസ്ഥർ പരിസ്ഥിതി ലോല പ്രദേശം, കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകൾ ഉടങ്ങി തീർത്തും അസംഗതമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി, അവരവർ നിയമപരമായി ചെയ്യേണ്ട/ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി താഴെ പറയുന്ന സ്പഷ്ടീകരണം/നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വസ്തു കരം സ്വീകരിക്കൽ, പ്രമാണം പതിക്കൽ, പട്ടയ വിതരണം, വീടിന് പെർമിറ്റ് നൽകൽ ഇടങ്ങിയ കാര്യങ്ങളിൽ യാതൊരു തടസ്സവും ഉണ്ടാക്കുന്നതല്ലാത്തതിനാൽ ഇവ തടസ്സപ്പെടുത്തുന്നില്ലെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതും നിലവിൽ ഉണ്ടായിരുന്നതുപോലെ ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും നടത്തേണ്ടതുമാണ്.

ii. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ നിർദ്ദേശം ഇല്ലാതെ യാതൊരുവിധ നടപടികളും സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ അധികാരിയോ, ഉദ്യോഗസ്ഥനോ, സ്വമേധയാ സ്വീകരിക്കാനോ, വ്യാഖ്യാനിക്കാനോ, അതിന്റെ പേരിൽ, പൊതുജനങ്ങൾക്ക് നിയമാനുസൃതം ലഭ്യമാക്കേണ്ട സേവനങ്ങളും അവകാശങ്ങളും നിഷേധിക്കാനോ, പാടുള്ളതല്ല.

3. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ സർക്കാർ കാര്യാലയങ്ങളിലും അതാത് വകുപ്പദ്ധ്യക്ഷന്മാർ ലഭ്യമാക്കേണ്ടതാണ്.

5. സർക്കാരിന്റെയും, ബന്ധപ്പെട്ട വകുപ്പുകളുടെയും വെബ്സൈറ്റുകളിൽ ഈ ഉത്തരവ് അപ് ലോഡ് ചെയ്യേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പി.കെ. മൊഹന്തി**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്.
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്
പരിസ്ഥിതി ലോല പ്രദേശങ്ങളായ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (ജൈവ വൈവിധ്യ ബോർഡ് മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് വകുപ്പ്.
റവന്യൂ, തദ്ദേശ സ്വയംഭരണ, നികുതി, വനം-വന്യജീവി/വ്യവസായ/കൃഷി/മൃഗസംരക്ഷണ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പുകൾക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

കേരളാ സർക്കാർ

<u>സംഗ്രഹം</u>

പരിസ്ഥിതി വകുപ്പ് - പശ്ചിമഘട്ട ഉന്നതതലസമിതി റിപ്പോർട്ട് - കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങളിന്മേൽ നൽകിയ സ്പഷ്ടീകരണം - ഉത്തരവു പിൻവലിച്ച് ഉത്തരവാകുന്നു.

---

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 183/2013/പരി — തീയതി, തിരുവനന്തപുരം, 16.12.2013

---

പരാമർശം: 04/12/2013-ലെ സ.ഉ.(സാധാ) നം.171/2013/പരി. നമ്പർ സർക്കാർ ഉത്തരവ്.

## <u>ഉത്തരവ്</u>

മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് ഇതിനാൽ പിൻവലിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പി.കെ. മൊഹന്തി**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരളാ സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്.
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്
പരിസ്ഥിതി ലോല പ്രദേശങ്ങളായ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (ജൈവ വൈവിധ്യ ബോർഡ് മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്.
പബ്ലിക് റിലേഷൻസ് വകുപ്പ്.
റവന്യൂ, തദ്ദേശ സ്വയംഭരണ, നികുതി, വനം-വന്യജീവി/വ്യവസായ/കൃഷി/മൃഗസംരക്ഷണ/പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പുകൾക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്.

അനുബന്ധം 3

**MOST IMPORTANT**

**GOVERNMENT OF KERALA**
**Environment (A) Department**

No.3527/A2/11/Envt.

Thiruvananthapuram,
Dated: 20.11.2013

From

Additional Chief Secretary to Government.

To

The Secretary to Government of India,
Ministry of Environment & Forests,
Paryavaran Bhavan, C.G.O. Complex,
Lodhi Road, New Delhi-110 003

Sir,

Sub: - High level Working Group on Western Ghats (Kasthurirangan Committee)-Orders of Ministry of Environment & Forests-Remarks of State Government-Reg.

Ref:- (1) D.O.letter No.1-4/2012-RE dated 30.04.2013 from the Secretary to Government of India, Ministry of Environment & Forests
(2) This Government letters of even number dated 17.06.2013, 10.10.2013, 01.11.2013
(3) D.O.letter No.1/1/2010/RE(ESZ) pt dated 18.09.2013 from Sri.Hem Pande, Additional Secretary, Ministry of Environment & Forests
(4) O.M.No.1-4/2012-RE (pt) dated 19.10.2013, 13.11.2013 and 16.11.2013
(5) D.O.letter No.1315/A2/13/Envt dated 15.11.2013 from the Chief Minister, Kerala addressed to Hon'ble Minister of State, Ministry of Environment & Forests

I am directed to refer to the above letters. In pursuance of the O.M dated 19.10.2013, this State Government have constituted an expert panel to examine the draft notification to be issued by the Ministry, and to submit a report to Government. Meanwhile on the subsequent directions under Section 5 of the Environment (Protection) Act issued by the Ministry on 13.11.2013, the Hon'ble Chief Minister has sought for some clarifications, vide his D.O.letter last cited, which are awaited.

I am directed to request you not to finalize the notification referred to in the O.M dated 16.11.2013 without the State Government having submitted its views thereon.

The expert committee has commenced functioning and hearings of stake holders and people's representatives are going on. State Government are taking all out efforts to furnish detailed comments on the recommendations, which will be submitted within the time being specified in the draft notification to be issued.

Clarifications sought for in the letter fifth cited may be expedited to remove the confusion that has been created and to allay the fears that have been created among the settlers in the high ranges that they would be evicted or prevented from pursuing their means of lively hood.

Yours faithfully,

**G.RAJEEV**
Additional Secretary
for Additional Chief Secretary to Govt

Copy to:-

Sri.Jogy Scaria,
Standing Counsel,
15-Birbal Road (LGF),
Jangpura Extn, New Delhi-110 014
(for information)